**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പവർഗ്രിഡിന്റെ 400 കെ.വി ഇടമൺ - കൊച്ച് ട്രാൻസ്മിഷൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിലെ 11 ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റ് രൂപീകരിച്ച് പുനർവിന്യസിക്കുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.23/2024/RD തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:- 1. 13/04/2022-ലെ സ.ഉ(സാധാ) നം. 1667/2022/റവ ഉത്തരവ്.

2. ചീഫ് ജനറൽ മാനേജർ, പവർഗ്രിഡ്-ന്റെ 16/12/2022-ലെ SRTS II/EDMN-Kochi Line/SRU/2022/454 നമ്പർ കത്ത്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06/02/2023, 21/07/2023, 31/07/2023, 01/01/2024 എന്നീ തീയതികളിലെ LR/2618/2021-LR(C5) നമ്പർ കത്തുകൾ

**ഉത്തരവ്**

ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈനിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിന് പരാമർശം 1 ഉത്തരവ് പ്രകാരം 10/10/2021 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകിയിട്ടുള്ളതും ആയത് 09/10/2022-ന് അവസാനിച്ചിട്ടുള്ളതുമാണ്.

2. 400 കെവി ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈനിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിന്റെ പ്രവർത്തനം 28/02/2022 വരെ മാത്രം തുടർന്നാൽ മതിയെന്നും പ്രസ്തുത യൂണിറ്റിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, പത്തനംതിട്ട യൂണിറ്റിലേയ്ക്ക് കൈമാറേണ്ടതാണെന്നും പരാമർശം 2 കത്ത് പ്രകാരം പവർഗ്രിഡ് ചീഫ് ജനറൽ മാനേജർ അറിയിക്കുകയുണ്ടായി.

3. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിൽ ജോലി ചെയ്യുന്ന 11 ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, യോഗ്യമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പട്ടയ നടപടികൾക്കായി പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം

സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പവർഗ്രിഡിന്റെ 400 കെ.വി ഇടമൺ - കൊച്ചി ട്രാൻസ്മിഷൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിന് 31/12/2023 വരെ മാത്രം തുടർച്ചാനുമതി നൽകികൊണ്ട് യൂണിറ്റ് നിർത്തലാക്കി, ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റ് താൽക്കാലികമായി ഒരുവർഷത്തേയ്ക്ക് രൂപീകരിച്ച് സ്പെഷ്യൽ തഹസിൽദാർ, എൽ.എ കൊല്ലം യൂണിറ്റിലെ നിലവിലുള്ള 11 ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം/ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (18/01/2024-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം.2009 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Resmi V
Date: 20-01-2024 13:04:58
സെക്ഷൻ ഓഫീസർ

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-01-2024

ഫയൽ നം. റവ-ബി3/50/2023/റവ. ഇനം നം: 2009

വിഷയം : റവന്യൂ വകുപ്പ് - പവർഗ്രിഡിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) പവർഗ്രിഡ്, കൊല്ലം യൂണിറ്റിലെ 11 ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റ് രൂപീകരിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പുനർവിന്യസിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2009

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റവ-ബി3/50/2023-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | പവർഗ്രിഡിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിലെ 11 ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റ് രൂപീകരിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പുനർവിന്യസിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02/12/2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ അബ്ദുൾ നാസർ ബി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്ക ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/01/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/01/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ കെ രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16/01/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17/01/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

പവർഗ്രിഡിന്റെ 400 കെ.വി ഇടമൺ - കൊച്ചി ട്രാൻസ്മിഷൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ, എൽ.എ കൊല്ലം യൂണിറ്റിന്റെ പ്രവർത്തം നിർത്തലാക്കി പ്രസ്തുത യൂണിറ്റിൽ ജോലി ചെയ്യുന്ന 11 ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, യോഗ്യമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്, ലാൻഡ് അസൈൻമെന്റ് യൂണിറ്റ് രൂപീകരിച്ച് പുനർവിന്യസിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 400 കെവി ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈനിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിന്റെ പ്രവർത്തനം 28.02.2022 വരെ മാത്രം തുടർന്നാൽ മതിയെന്നും പ്രസ്തുത യൂണിറ്റിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, പത്തനംതിട്ട യൂണിറ്റിലേയ്ക്ക് കൈമാറേണ്ടതാണെന്നും 16/12/2022-ലെ കത്ത് പ്രകാരം പവർഗ്രിഡ് ചീഫ് ജനറൽ മാനേജർ അറിയിക്കുകയുണ്ടായി.

3. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിൽ ജോലി ചെയ്യുന്ന 11 ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, യോഗ്യമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പട്ടയ നടപടികൾക്കായി പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ 06/02/2023-ന് സമർപ്പിക്കുകയുണ്ടായി.

4. ഫയൽ അനുമതിയ്ക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

" ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനും ഉൾപ്പെടെയുള്ള പട്ടയ നടപടികൾ തീർപ്പാക്കുന്നതിനുമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ നിലവിൽ നിയമിച്ചിരിക്കുന്ന 6 ജീവനക്കാർ ഏതൊക്കെ തസ്തികകളിലാണ് ജോലി നോക്കുന്നത്, സർക്കാർ അനുമതിയോടെയാണോ ഈ ജീവനക്കാരെ ജോലിക്രമീകരണ

വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്, ഈ ആവശ്യത്തിനായി സർവ്വേയർ, വാല്യുവേഷൻ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ ആവശ്യമുണ്ടോ, രവീന്ദ്രൻ പട്ടയം റദ്ദാക്കലും, പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ജോലികൾ ഇടുക്കി ജില്ലയിലെ ഏതെങ്കിലും സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളുടെ ഭാഗമായോണോ ചെയ്യുന്നത്, റദ്ദാക്കാനുള്ളതും നൽകേണ്ടതുമായ പട്ടയങ്ങളുടെ കണക്ക് വിവരം എന്നിവ സഹിതം ഫയൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനു നിർദ്ദേശം നൽകുന്നു".

5. തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണർ 05.05.2023 കത്ത് പ്രകാരം ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ സമർപ്പിച്ചിട്ടുള്ളതും ഫയൽ പുനർസമർപ്പിച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:

."പ്രത്യേക ആവശ്യത്തിനായി രൂപീകരിച്ച താൽക്കാലിക ഓഫീസ് ആയ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ് കൊല്ലം യൂണിറ്റിന്റെ ആവശ്യം പൂർത്തികരിച്ചതിന് ശേഷവും മറ്റു പല കാര്യങ്ങൾക്കായി ഈ യൂണിറ്റിനെ നിലനിർത്തണമെന്ന ആവശ്യം അംഗീകരിക്കാനാവില്ല. സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നിലവിലെ സാഹചര്യത്തിൽ അധിക സാമ്പത്തിക ബാധ്യതയ്ക്ക് കാരണമാകുന്ന ഈ ശുപാർശ നിരസിക്കുന്നു. ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനും ഉൾപ്പെടെയുള്ള പട്ടയ നടപടികൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനു ജോലി ക്രമീകരണ വ്യവസ്ഥയിൽ ആവശ്യമെങ്കിൽ അധിക ജീവനക്കാരെ നിയമിക്കാവുന്നതാണ്".

6. ഫയൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"ഇടുക്കി ജില്ലയിലെ സങ്കീർണമായ ഭൂവിഷയങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച പദ്ധതികളിൽ ഒന്നാണ് നിയമസാധുതയില്ലാത്ത രവീന്ദ്രൻ പട്ടയങ്ങൾ റദ്ദാക്കി പകരം സാധുവായ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ക്യാബിനറ്റ് തീരുമാനമനുസരിച്ച് പുറത്തിറക്കിയ 269/2019 നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടി കൂടിയാണിത്. വളരെ ശ്രമകരമായ ഈ പ്രവർത്തനത്തിന് ഒരു സ്പെഷ്യൽ ഓഫീസ് അത്യന്താപേക്ഷിതമായ സാഹചര്യമാണ് നിലവിലുള്ളത്. സാധുവായ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് ഉണ്ടാകുന്ന കാലതാമസം ജനങ്ങളിൽ വ്യാപക പ്രതിഷേധത്തിന്

കാരണമായിട്ടുണ്ട്. ലോക് സഭാ തെരഞ്ഞെടുപ്പ് സമാഗതമായിരിക്കുന്ന ഈ വേളയിൽ ഈ പ്രശ്നം ഉന്നയിച്ച് രാഷ്ട്രീയ മുതലെടുപ്പിനും ഒരു വിഭാഗം ശ്രമിക്കുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ ധനവകുപ്പിൻറെ അഭിപ്രായം മറികടന്ന് കൊല്ലം പവർഗ്രിഡ് ഓഫീസിലെ ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയങ്ങൾ റദ്ദാക്കലും പുതിയ പട്ടയങ്ങൾ അനുവദിക്കലും പ്രവർത്തനങ്ങൾക്കായി പുനർവിന്യസിക്കുന്ന വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്. ബഹു മുഖ്യമന്ത്രി കണ്ടാലും".

7. ഫയൽ ബഹു മുഖ്യമന്ത്രിക്ക് സമർപ്പിച്ച അവസരത്തിൽ താഴെ പറയും പ്രകാരം ഉത്തരവിട്ടു.

"രവീന്ദ്രൻ പട്ടയമനുസരിച്ച് ഭൂമി ലഭിച്ചവർ ഇപ്പോഴും പ്രസ്തുത ഭൂമിയിൽ തുടരുന്നില്ലേ?"

8. രവീന്ദ്രൻ പട്ടയങ്ങളിൽ ഉൾപ്പെട്ടിരുന്ന വസ്തുക്കൾ കൈവശ ഭൂമി എന്ന നിലയിൽ നൽകിയിരുന്നതും, ദേവികുളം താലൂക്കിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നതാണെന്നും, കൂടാതെ പ്രസ്തുത വസ്തുക്കൾ, പട്ടയ കക്ഷികളുടെയോ, നിയമാനുസൃതം കൈമാറ്റം വഴി ലഭിച്ച കക്ഷികളുടെയോ കൈവശത്തിലാണെന്നും, റദ്ദാക്കിയ പട്ടയങ്ങൾക്ക് പകരം പുതിയ പട്ടയത്തിനുള്ള അപേക്ഷകളിന്മേൽ ചട്ട പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നതുമാണെന്ന് 06/02/2023-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

9. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം 21.08.2023-ന് സമർപ്പിച്ച റിപ്പോർട്ടിൽ പവർഗ്രിഡ് യൂണിറ്റിൽ താഴെ പറയുന്ന ജോലികൾ ബാക്കിയുണ്ടെന്ന് അറിയിച്ചിട്ടുള്ളതാണ്.

"1. വൃക്ഷങ്ങളുടെയും വിളകളുടെയും compensation-മായി ബന്ധപ്പെട്ട ഫയലുകളിൽ ഏകദേശം 600-ലധികം കേസുകൾ Compensation കൂട്ടിനല്കണമെന്ന് ആവശ്യപ്പെട്ട് കക്ഷികൾ കോടതിയെ സമീപിച്ചിട്ടുള്ളതും ഫയലുകൾ കോടതി കേസുമായി ബന്ധപ്പെട്ട് LA(Powergrid) Office ൽ നടപടിയിൽ ഇരിയ്ക്കുന്നതുമാണെന്ന് അറിയിക്കുകയുണ്ടായി.

2. Land Compensation (Corridor compensation) നുമായി ബന്ധപ്പെട്ട ഫയലുകളിൽ ഇനിയും 30%-ത്തോളം ഫയലുകൾ Compensation നൽകാൻ ബാക്കിയുണ്ട്. തുടർച്ചാനുമതി ഇല്ലാത്തതിനാൽ ട്രഷറിയിൽ Compensation നൽകുന്നതിനുള്ള bill സ്വീകരിക്കുന്നില്ല. Fair

value ലഭ്യമല്ലാതിരുന്ന ഫയലുകളിൽ DVS തയ്യാറാകാൻ സാധിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫയലുകൾ pending-ലാണ്. കോടതിവ്യവഹാരം, തർക്കങ്ങൾ, അതിർത്തി തർക്കങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളും pending ആണ്.

3. TSA Compensation-മായി ബന്ധപ്പെട്ട നിരവധി ഫയലുകൾ കോടതി തർക്കത്തിൽ തുടർന്ന് pending-ലാണെന്ന് അറിയിക്കുകയുണ്ടായി".

10. കൂടാതെ, യൂണിറ്റിന്റെ പ്രവർത്തം നിർത്തലാക്കുന്ന പക്ഷം കൊല്ലം യൂണിറ്റിലെ ഫയലുകൾ പത്തനംതിട്ട യൂണിറ്റിലേയ്ക്ക് കൈമാറേണ്ടതുണ്ടെന്ന് അറിയിക്കുകയുണ്ടായി.

11. ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"സ്പെഷ്യൽ തഹസിൽദാർ (എൽ. എ) പവർഗ്രിഡ്, കൊല്ലം ഓഫീസിലെ ശേഷിക്കുന്ന ജോലികൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, പത്തനംതിട്ട ഓഫീസിലേക്ക് മാറ്റാവുന്നതും സ്പെഷ്യൽ തഹസിൽദാർ (എൽ. എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റ് നിർത്തലാക്കി പ്രസ്തുത ജീവനക്കാരെ ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും പുതിയ പട്ടയങ്ങൾ അനുവദിക്കലും പ്രവർത്തനത്തിനുവേണ്ടിയുള്ള സ്പെഷ്യൽ ഓഫീസിനായി പുനർവിന്യസിക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രി കണ്ടാലും".

12. ഫയൽ ബഹു മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, ചീഫ് സെക്രട്ടറിയുടെ അഭിപ്രായം സഹിതം വീണ്ടും സമർപ്പിക്കാൻ ഉത്തരവിടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന അഭിപ്രായം ചീഫ് സെക്രട്ടറി സമർപ്പിച്ചിട്ടുള്ളതുമാണ്.

"സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയമായതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം അംഗീകരിക്കുന്നതാണ് ഉചിതം".

13. ഫയൽ ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ താഴെ പറയും പ്രകാരം ഉത്തരവിട്ടു.

"അംഗീകരിച്ചു"

14. തുടർന്ന്, ബഹു.റവന്യൂ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം ഉത്തരവിട്ടു:

"രവീന്ദ്രൻ പട്ടയങ്ങൾ അനുവദിക്കുന്നതിനു പുറമേ, ഫോറസ്റ്റ് കൺസർവേഷൻ (ഭേദഗതി) നിയമം 2023, ഡിസംബർ ഒന്നിന് നിലവിൽ വരുന്ന സാഹചര്യവും പരിഗണിക്കേണ്ടതുണ്ട്. ഈ ഭേദഗതി നിലവിൽ വരുന്നതോടുകൂടി 12.12.1996 ന് മുൻപ് വനേതര ആവശ്യങ്ങൾക്ക് വിട്ടു നൽകിയ ഭൂമികളെല്ലാം തന്നെ വനം എന്ന

സ്റ്റാറ്റസിൽ നിന്നും ഒഴിവാകും. അത്തരം ഭൂമികളിൽ താമസിക്കുന്നവർക്ക് കേന്ദ്രസർക്കാരിൻറെ അനുമതി കൂടാതെ തന്നെ 1964 ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകാനാകും. ഹിൽമെൻ സെറ്റിൽമെന്റിനു വേണ്ടി മുൻപ് വനംവകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയിരുന്ന ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി പുറപ്പെടുവിച്ച 2020/2020 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉള്ള പട്ടയ വിതരണവും ബഹു മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇടുക്കി ജില്ലയിൽ പതിനായിരക്കണക്കിന് പട്ടയങ്ങൾ ഇതിലൂടെ നൽകാൻ കഴിയും. ഇതിന് കൂടുതൽ ഓഫീസും സ്റ്റാഫും. അനുവദിക്കേണ്ട സാഹചര്യമുണ്ട്. ആയതിനാൽ മേൽ തീരുമാനം പുന പരിശോധിച്ച് ഖണ്ഡിക 62 ലെ നിർദ്ദേശം അംഗീകരിക്കുന്ന വിഷയം ഒരിക്കൽ കൂടി പരിഗണിക്കുന്നതിന് ബഹു. മുഖ്യമന്ത്രി കണ്ടാലും".

15. ഫയൽ ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ താഴെ പറയും പ്രകാരം ഉത്തരവിട്ടു.

"മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക."

16. കരട് മന്ത്രിസഭ കുറിപ്പ് സമർപ്പിച്ചപ്പോൾ, ബഹു ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം ഉത്തരവിട്ടു.

"ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടനുസരിച്ച് ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കി പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ജോലിയുടെ ഏകദേശം 75% ഉം പൂർത്തിയായിട്ടുണ്ട്. അതിനാൽ ഇനി ബാക്കിയുള്ള ജോലികൾക്ക് ഒരു സ്പെഷ്യൽ ഓഫീസ് രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കി വിശദ വിവരങ്ങൾ കുറിപ്പിൽ ചേർക്കേണ്ടതുണ്ട്."

17. ലാൻഡ് റവന്യൂ കമ്മീഷണർ 01.01.2014-ൽ സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

"റദ്ദായ പട്ടയങ്ങൾക്ക് പകരം പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ നാളിത് സ്വീകരിച്ചു വരുന്നതും പട്ടയ നടപടികൾ പുരോഗമിക്കുന്നതുമാണെന്നും, കൈമാറ്റങ്ങൾ വഴിയും കുടുംബഭാഗം വഴിയും വന്നിട്ടുള്ള ഉദ്ദേശം 600-ൽ അധികം കൈവശങ്ങൾ പതിച്ചു നൽകേണ്ടതായി കാണുന്നതാണെന്നും നാളിതുവരെ ലഭിച്ച അപേക്ഷകളിൽ 140 എണ്ണം

പട്ടയം നൽകുകയോ നടപടികൾ അന്തിമമാക്കുകയോ ചെയ്തിട്ടുള്ളതാണെന്നും ശേഷിക്കുന്നവയിലും പ്രതീക്ഷിക്കപ്പെടുന്ന മറ്റ് അപേക്ഷകളിലും നടപടികൾ സ്വീകരിക്കുന്നതിന് കൂടുതൽ ജീവനക്കാരും സമയവും ആവശ്യമായി വരുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതാണ്.

വട്ടവട, കൊട്ടാകമ്പൂർ വില്ലേജുകളിൽ കറിഞ്ഞി ഉദ്യാനം സംബന്ധിച്ച പരിശോധനകൾ, 'വനം' എന്ന് റിക്കാർഡിൽ രേഖപ്പെടുത്തലുകൾ ഉള്ള കേസുകൾ എന്നിങ്ങനെയുള്ള കാരണങ്ങൾ മൂലം നടപടി വൈകുന്ന അപേക്ഷകളിലും, പതിവ് അപേക്ഷകൾ സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്ന് നിർദ്ദേശം ലഭിക്കേണ്ട കെ.ഡി.എച്ച്. മൂന്നാർ വില്ലേജുകളിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്ന അപേക്ഷകളിലും നടപടികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക ഓഫീസും ജീവനക്കാരും ഉണ്ടാകുന്നത് ഉചിതമായി കാണുന്നുവെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2011 കാലഘട്ടത്തിൽ നിർത്തി വച്ചിരുന്ന പട്ടയ നടപടികളിൽ 2017 മുതൽ മാത്രം പുനരാരംഭിച്ചതിനാൽ ദേവികുളം താലൂക്കിൽ 12500-ൽ അധികം അപേക്ഷകൾ ലഭിച്ചതിൽ ഉദ്ദേശം 10500 അപേക്ഷകൾ തീർപ്പ കൽപ്പിക്കാൻ ശേഷിക്കുന്നതും, ചെങ്കുളം കല്ലാർകുട്ടി വൈദ്യുതി പദ്ധതി പ്രദേശങ്ങളിലെ 10 ചെയിൻ മേഖലയിലെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രദേശത്തെ കൈവശക്കാർക്കുള്ള പട്ടയ നടപടികളും സമീപഭാവിയിൽ തന്നെ ആരംഭിക്കേണ്ടതുള്ളതും, താലൂക്ക് കൈവശക്കാർക്കുള്ള പട്ടയ നടപടികളും സമീപഭാവിയിൽ തന്നെ ആരംഭിക്കേണ്ടതുമാണ്. താലൂക്ക് ഓഫീസിന്റെ ദൈനംദിന ജോലികൾ കൂടി ഉള്ളതിനാൽ പട്ടയ നടപടികളിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് നാളിത് കഴിയുന്നില്ലായെന്നും ദേവികുളത്ത് 1964 ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകുന്നതിന് പ്രത്യേക ഓഫീസ് അനുവദിക്കണമെന്ന ആവശ്യം പട്ടയ അസംബ്ലിയിൽ ഉൾപ്പെടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രവർത്തനം നിർത്തലാക്കിയ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിലെ ജീവനക്കാരെ പുനർ വിന്യസിച്ച് ദേവികുളം കേന്ദ്രമാക്കി ഒരു പ്രത്യേക ഭൂമിപതിവ് ഓഫീസ് അനുവദിക്കുന്ന പക്ഷം ഡെപ്യൂട്ടി തഹസിൽദാർ അനുവദിച്ച പട്ടയങ്ങൾക്ക് പകരമുള്ള പട്ടയ അപേക്ഷകളിലും തീർപ്പാക്കാനുള്ള മറ്റ് പട്ടയ അപേക്ഷകളിലും അതിവേഗത്തിൽ തീർപ്പുണ്ടാകാൻ കഴിയും എന്നും ജില്ലാ കളക്ടർ

റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ് യൂണിറ്റിന്റെ പ്രവർത്തനം നിർത്തലാക്കി പ്രസ്തുത യൂണിറ്റിലെ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുൾപ്പടെയുള്ള പട്ടയ നടപടികൾ സ്വീകരിക്കുന്നതിലേക്ക് പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്".

## തീരുമാനിക്കേണ്ട വിഷയം

പവർഗ്രിഡിന്റെ 400 കെ.വി ഇടമൺ - കൊച്ചി ട്രാൻസ്മിഷൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പവർഗ്രിഡ്, കൊല്ലം യൂണിറ്റിന് 31/12/2023 വരെ മാത്രം തുടർച്ചാനുമതി നൽകികൊണ്ട് യൂണിറ്റ് നിർത്തലാക്കി, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്കൊണ്ട് ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും, അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റ് താൽക്കാലികമായി ഒരുവർഷത്തേയ്ക്ക് രൂപീകരിച്ച് സ്പെഷ്യൽ തഹസിൽദാർ, എൽ.എ കൊല്ലം യൂണിറ്റിലെ നിലവിലുള്ള 11 ജീവനക്കാരെ പുനർവിന്യസിക്കാവുന്നതാണോ?